പൊതുമരാമത്ത് വക സ്ഥലങ്ങളിൽ സ്വാശ്രയ കോളേജുകൾ നടത്തുന്നതിനുള്ള അനുവാദം

23 [2320] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വക സ്ഥലങ്ങളിൽ സ്വാശ്രയ കോളേജുകൾ നടത്തുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) കോഴിക്കോട്-മാവൂർ റൂട്ടിൽ മാവൂർ പഞ്ചായത്ത് ആരംഭിക്കുന്ന ഭാഗത്തുള്ള സർക്കാർ സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും വ്യക്തിയോ സംഘടനയോ അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സംഘടനകൾ അല്ലെങ്കിൽ ഏതെല്ലാം വ്യക്തികളാണ് അപേക്ഷ നൽകിയത്;

(ഡി) എന്താവശ്യത്തിനായിട്ടാണ് അപേക്ഷ നൽകിയിട്ടുള്ളത്; അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 21-5-1996-ലെ 35333/സി/95/പൊ.മ.വ. നമ്പർ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഭാവിയിൽ പൊതു ആവശ്യങ്ങൾക്കായി വേണ്ടിവരുമെന്നുള്ളതിനാൽ സ്വകാര്യ വ്യക്തികൾക്കോ/ സ്ഥാപനങ്ങൾക്കോ ലീസിന് കൊടുക്കാനോ കൈമാറം ചെയ്യാനോ പാടില്ല എന്ന തീരുമാനമാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ഉണ്ട്.

(സി, ഡി) (1) സ്വാശ്രയ കോളേജിനു കളി സ്ഥലത്തിനായി ഇൻഡസ് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകിയിരുന്നു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി റോഡ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് 4.6.2005-ൽ കത്ത് അയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(2) സി.എച്ച്. ഗ്രാമം സ്ഥാപിക്കുന്നതിനായി ചെറുവാടി റൂറൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രസിഡന്റ് കെ.പി.യു. അലി ഒരു നിവേദനം നൽകിയിരുന്നു. ആയത് റിപ്പോർട്ടിനായി ഉത്തരമേഖലാ വിഭാഗം (റോഡുകൾ) സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

വാമനപുരം നദിക്ക് കുറുകെ പാലം

24 [2321] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം നദിക്ക് കുറുകെ ചെല്ലഞ്ചിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി നബാർഡിന്റെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഈ വർഷം തന്നെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 1064 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറും പ്രോജക്ടും റിപ്പോർട്ടും നബാർഡിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(സി) നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം ആരംഭിക്കുവാനുള്ള തുടർ നടപടികളും കൈക്കൊള്ളുന്നതാണ്.

തലശ്ശേരി സെയ്ത്താർ പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ്

25 [2323] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി സെയ്ത്താർ-പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ് ഗതാഗതത്തിന് സുഗമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) തലശ്ശേരി സെയ്ത്താർ പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ് ഗതാഗതയോഗ്യമാണ്.

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്തുന്നതിനുള്ള എസ്റ്റിമേറ് തയ്യാറാക്കുവാൻ നടപടിയെടുത്തുവരുന്നു.

വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി തീരദേശ റോഡ്

26 [2324] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി തീരദേശ റോഡ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കൊച്ചിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റിട്ടയേർഡ് ചീഫ് സെക്രട്ടറി ഡോ. ബാബു ജേക്കബ് ചെയർമാനായുള്ള സമിതി ഈ റോഡ് നിർമ്മാണത്തിനുള്ള ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly